ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:15.10.2025

## പ്രധാനവാർത്തകൾ

1. ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിനുള്ള പ്രചാരണത്തിന് പ്രധാനമന്ത്രിയും ബി ജെ പി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.
2. എല്ലാ മേഖലകളിലും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്.
3. കെ.എസ്.ആർ.ടി.സി നിയമനത്തിന് ഫിറ്റ്നെസ് ടെസ്റ്റ് പ്രാവർത്തികമാക്കുന്നതിന് പി.എസ്.സിയോട് ആവശ്യപ്പെടുമെന്ന് മന്ത്രി കെ.ബി ഗണേഷ് കുമാർ.
4. മുൻ രാഷ്ട്രപതി ഡോ. എപിജെ അബ്ദുൾ കലാമിൻറെ 94-ാം ജന്മവാർഷിക ദിനം ഇന്ന്. വലിയ സ്വപ്നങ്ങൾ കാണാൻ രാജ്യത്തെ യുവജനങ്ങളെ പ്രേരിപ്പിച്ച വ്യക്തിയായിരുന്നു എപിജെ അബ്ദുൾ കലാമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും. 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയ്ക്ക് ബാറ്റിംഗ് തകർച്ച.

❀❀❀❀❀❀❀❀❀❀❀❀❀

**ബിഹാർ നിയമസഭ**

ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിനുള്ള എൻ ഡി എയുടെ പ്രചാരണത്തിന് പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. പാർട്ടിയുടെ ബൂത്ത് തല പ്രവർത്തകരുമായി അദ്ദേഹം ഇന്ന് സംവദിക്കും. മേര ബൂത്ത് സബ്സെ മജ്ബൂത്ത് പ്രചാരണത്തോട് അനുബന്ധിച്ചാണ് പരിപാടി. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ് വോട്ടെണ്ണൽ.

RNU TVPM

❀❀❀❀❀❀❀❀❀❀❀❀❀

**തദ്ദേശ വോട്ടർ പട്ടിക**

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അപേക്ഷിച്ചത് 4.63 ലക്ഷം പേർ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ

2 കോടി 83 ലക്ഷം സമ്മതിദായകരാണ് ഉള്ളത്. പ്രവാസി വോട്ടർമാരുടെ 1,381 അപേക്ഷകളാണ് ലഭിച്ചത്. പേരുകൾ

നീക്കം ചെയ്യാൻ ലഭിച്ച 1,96,000 ലേറെ അപേക്ഷകളിൽ നടപടികൾ തുടരുകയാണ്. അന്തിമ വോട്ടർ പട്ടിക ഈ മാസം 25 -നു പ്രസിദ്ധീകരിക്കും.

❋❋❋❋❋❋❋❋❋❋❋❋❋

**ജിതേന്ദ്രസിംഗ് (ഇൻട്രോ)**

എല്ലാ മേഖലകളിലും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിട്ടുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. തിരുവനന്തപുരത്ത് CSIR - NIIST യുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തയ്യാറാക്കിയ സാങ്കേതികവിദ്യ മാതൃകാപരമാണെന്നും ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു. വ്യായാമം ചെയ്യുമ്പോൾ അതിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് അടക്കമുള്ള സംവിധാനങ്ങളും അദ്ദേഹം ഉദ്ഘാടനം ചെയ്തു..

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**കെ.എസ്.ആർ.ടി.സി**

കെ.എസ്.ആർ.ടി.സി നിയമനത്തിന് പോലീസിലേത് പോലെ ഫിറ്റ്നെസ് ടെസ്റ്റ് പ്രാവർത്തികമാക്കുന്നതിന്

PNUTVPM

പി.എസ്.സിയോട് ആവശ്യപ്പെടുമെന്ന് മന്ത്രി കെ.ബി ഗണേശ്കുമാർ. തിരുവല്ലയിൽ ഗതാഗത വകുപ്പിന്റെ വികസന ലക്ഷ്യങ്ങൾ വിഷൻ 2031 എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലത്തിൻ്റെ മാറ്റങ്ങൾ ഉൾകൊണ്ട് പൊതുഗതാഗത വകുപ്പിൽ എഐ ഉൾപ്പെടെ ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**നിരോധിത എയർഹോൺ (ഇൻട്രോ)**

നിരോധിത എയർഹോൺ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്താൻ മോട്ടോർ വാഹനവകുപ്പിൻറെ സംസ്ഥാന വ്യാപക പരിശോധന തുടരുന്നു. രണ്ട് ദിവസം നടന്ന പരിശോധനയിൽ 390 കേസുകളിലായി 5 ലക്ഷത്തി 18,000 രൂപ പിഴ ഈടാക്കി.

RNU TVPM

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.............***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഒ ആർ കേളു**

പട്ടിക ജാതി വിഭാഗത്തെ പൊതുധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം നാളെ സമാപിക്കും. സമാപന സമ്മേളനം

മന്ത്രി ഒ.ആർ.കേളു തിരുവനന്തപുരം ആര്യനാട് ഉദ്ഘാടനം ചെയ്യും. ഈ മാസം രണ്ടിനാണ് പക്ഷാചരണത്തിന് തുടക്കമായത്.

❁❁❁❁❁❁❁❁❁❁❁❁❁

## സംസ്കാരം മുൻ എംഎൽഎ

കുന്നംകുളം മുൻ എംഎൽഎയും സിപിഎം നേതാവുമായ ബാബു എം പാലിശ്ശേരിയുടെ സംസ്കാരം ഇന്ന് നടക്കും. ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് കുന്നംകുളം കൊരട്ടിക്കരയിലെ വീട്ടുവളപ്പിൽ പൊലീസ് ബഹുമതികളോടെ ആയിരിക്കും സംസ്കാരം. പാർക്കിൻസൺസ് രോഗബാധിതനായി ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## കഠിന തടവ്

കൊല്ലത്ത് 17 കാരിയെ പീഡിപ്പിച്ച കേസിൽ പ്രതി ബിനുവിന് 51 വർഷം കഠിന തടവ് ശിക്ഷ. കൊല്ലം ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയാണ് ശിക്ഷ വിധിച്ചത്. പോക്സോ

അടക്കമുള്ള വകുപ്പുകളിൽ 51 വർഷം കഠിന തടവും 2 ലക്ഷത്തി 70 ആയിരം രൂപ പിഴയുമാണ് ശിക്ഷ.

❁❁❁❁❁❁❁❁❁❁❁❁❁

**ഡോ. എപിജെ അബ്ദുൾ കലാം**

മുൻ രാഷ്ട്രപതി ഡോ. എപിജെ അബ്ദുൾ കലാമിൻറെ 94-ാം ജന്മവാർഷിക ദിനം ഇന്ന്. മിസൈൽ മാൻ ഓഫ് ഇന്ത്യ - എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ലോക വിദ്യാർത്ഥി ദിനമായും ഇന്ത്യ ഈ ദിവസം ആചരിക്കുന്നുണ്ട്. യുവമനസ്സുകളിൽ പ്രചോദനം വളർത്തി രാജ്യത്തെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ച വ്യക്തിയായിരുന്നു ഡോ. എപിജെ അബ്ദുൾ കലാമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും.

8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണ് മുന്നറിയിപ്പ്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 18 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയ്ക്ക് ബാറ്റിംഗ് തകർച്ച. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത മഹാരാഷ്ട്രയക്ക് 18 റൺസെടുക്കുന്നതിനിടെ 5 വിക്കറ്റുകൾ നഷ്ടമായി. ഉച്ച ഭക്ഷണത്തിന് പിരിയുമ്പോൾ, മഹാരാഷ്ട്ര 26 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 81 റൺ എന്ന നിലയിലാണ്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**എക് ഭാരത് ശ്രേഷ്ഠ് ഭാരത്**

സർദാർ വല്ലഭായി പട്ടേലിൻ്റെ 150 ആം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി എക് ഭാരത് ശ്രേഷ്ഠ് ഭാരത് സന്ദേശമുയർത്തി സംഘടിപ്പിക്കുന്ന പരിപാടികളിൽ ലക്ഷദ്വീപും പങ്കാളിയാകും. ഈ മാസം 31 മുതൽ 16 വരെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. എല്ലാ ദ്വീപുകളിലുമായി ഏക്താ മാർച്ചുകൾ, ക്വിസ് , ഉപന്യാസം, സോഷ്യൽ മീഡിയ റിൽസ് ഉൾപ്പെടെ വിവിധ കലാ കായിക മത്സരങ്ങളും നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**കടലുണ്ടി വാവുൽസവം (ഇൻട്രോ)**

ഉത്തര കേരളത്തിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്ന കടലുണ്ടിയിലെ വാവുൽസവത്തിന് ഇന്ന് കൊടിയേറി. 21 - നാണ് പ്രസിദ്ധമായ വാവുൽസവം.

***ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**വെട്ടിക്കോട് നാഗരാജസ്വാമീക്ഷേത്രം**

ആലപ്പുഴ ജില്ലയിലെ ആദിമൂലം വെട്ടിക്കോട് നാഗരാജ സ്വാമീക്ഷേത്രത്തിലെ ആയില്യം ഉത്സവം നാളെ നടക്കും. ഇന്ന് വൈകീട്ട് ആറിന് നടക്കുന്ന പൂയ്യം ദീപാരാധന തൊഴാൻ ആയിരങ്ങൾ എത്തും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**രാജ്യാന്തര ലോങ് ജംപ് താരം നിര്യാതനായി**

രാജ്യാന്തര ലോങ് ജംപ് താരം എം.സി.സെബാസ്റ്റ്യൻ അന്തരിച്ചു. 61 വയസ്സായിരുന്നു.1980 - 90 കളിൽ ദേശീയ അത്‌ലറ്റിക്സിൽ കേരളത്തിൻ്റെ അഭിമാന താരമായിരുന്നു സെബാസ്റ്റ്യൻ. 1987 ൽ തിരുവനന്തപുരത്ത് ദേശീയ ഗെയിംസിൽ ലോങ് ജംപിൽ അദ്ദേഹം വെള്ളി

നേടിയിരിന്നു. സംസ്കാരം ശനിയാഴ്ച രാവിലെ 10.30നു പറത്താനം സെൻ്റ് മേരീസ് പള്ളിയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 447 പോയിൻ്റ് ഉയർന്ന് 82,477 ലും നിഫ്റ്റി 151 പോയിൻ്റ് വർദ്ധിച്ച് 25,297 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന. പവന് 400 രൂപ കൂടി 94,520 രൂപയായി. ഗ്രാമിന് 11,815 രൂപയാണ് ഇന്നത്തെ വില.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## നവീൻ ബാബു

കണ്ണൂർ എ ഡി എം ആയിരുന്ന നവീൻ ബാബുവിൻ്റെ ഓർമ്മകൾക്ക് ഇന്ന് ഒരു വയസ്. ഒപ്പം നിന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതായി കുടുംബം അറിയിച്ചു. നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ കണ്ണൂർ സെഷൻസ് കോടതിയുടെ പരിഗണനയിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ബസ് അപകടം

കണ്ണൂർ ഇരിട്ടിയിൽ കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് അപകടത്തിൽ എട്ടു പേർക്ക് പരിക്കേറ്റു. ബാംഗ്ലൂരിൽ നിന്നും പയ്യന്നൂരിലേക്ക് പോവുകയായിരുന്ന ബസ്സാണ് അപകടത്തിൽപ്പെട്ടത്. ഇരിട്ടി ടൗണിൽ യാത്രക്കാരെ ഇറക്കി മുന്നോട്ടു പോകുന്നതിനിടെ നിയന്ത്രണം വിട്ട ബസ് പാലത്തിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**മനുഷ്യാവകാശ കമ്മീഷൻ**

വിവാഹം, ആഘോഷം, പൊതുപരിപാടികളിൽ നൽകുന്ന വെൽക്കം ഡ്രിങ്കിൻറ് ഗുണനിലവാരം ഉറപ്പാക്കുമെന്ന് കോഴിക്കോട് നഗരസഭാ സെക്രട്ടറി. വെൽക്കം ഡ്രിങ്കിന് ഉപയോഗിക്കുന്ന ഐസിന്റെ ഗുണനിലവാരം ഉറപ്പാക്കുമെന്ന് മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ അറിയിച്ചു. വെൽക്കം ഡ്രിങ്കിലൂടെ കോഴിക്കോട് നഗരത്തിൽ മഞ്ഞപ്പിത്തം പടരുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ എടുത്ത കേസിലാണ് നഗരസഭയും ഭക്ഷ്യസുരക്ഷാ കമ്മീഷണറും റിപ്പോർട്ട് സമർപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**കഞ്ചാവ് ചെടികൾ**

RNU TVPM

പാലക്കാട് അട്ടപ്പാടിയിൽ പതിനായിരത്തോളം കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിച്ചു. സത്യക്കല്ലുമലയുടെ താഴ് വാരത്ത് 60 സെന്റ് സ്ഥലത്താണ് മൂന്നുമാസം പ്രായമായ ചെടികൾ കണ്ടെത്തിയത്. കേരള തീവ്രവാദ വിരുദ്ധ സേനയും പാലക്കാട് ജില്ല ലഹരി വിരുദ്ധ സേനയും പോലീസും ചേർന്ന് ചെടികൾ നശിപ്പിച്ചു.

RNU TVPM